ഉത്തരം

(എ) ഉണ്ട്.

(ബി) മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയ സാഹചര്യത്തിൽ ഗ്വാളിയോർ റയോൺസിലെ കരാർ തൊഴിലാളികളുടെ നഷ്ടപരിഹാരം സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയനുകൾ സംയുക്തമായി ലേബർ കമ്മീഷണർക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഇതേത്തുടർന്ന് 27-12-2001-ൽ ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ ചർച്ചയിൽ തൊഴിലാളി യൂണിയനുകളുടെ പ്രതിനിധികളും, മാനേജ്മെന്റിന്റെ പ്രതിനിധികളും പങ്കെടുത്തെങ്കിലും മാനേജ്മെന്റിന്റെ പ്രതിനിധികൾ, കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകാൻ തയ്യാറല്ലെന്ന നിലപാടിൽ ഉറച്ചു നിന്നതിനാൽ ചർച്ച വിജയിച്ചില്ല. തുടർന്ന് വകുപ്പുമന്ത്രിയുടെ ആഭിമുഖ്യത്തിൽ പലതവണ ചർച്ചകൾ നടന്നെങ്കിലും ഒത്തുതീർപ്പുണ്ടായില്ല. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി ചർച്ചകൾ തുടരുന്നതാണ്.

(സി) പതിനൊന്ന് പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്.

ഫാർമസ്യൂട്ടിക്കൽ കമ്പനികളിലെ സെയിൽസ് പ്രമോഷൻ എക്സിക്യൂട്ടീവ്സ് മിനിമം വേതനം

80 [3088] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസ്യൂട്ടിക്കൽ കമ്പനികളിലെ സെയിൽസ് പ്രമോഷൻ എക്സിക്യൂട്ടീവ്സിന് മിനിമം വേതനം പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മിനിമം വേതനം പ്രഖ്യാപിക്കാനുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവോ;

(സി) സർക്കാർ ആവശ്യപ്പെട്ടപ്രകാരം ലേബർ കമ്മീഷണർ മിനിമം വേജസ് കമ്മിറ്റിയുടെ പാനൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മിനിമം വേജസ് ഏർപ്പെടുത്തുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-11-2000-ലെ ജി.ഒ. (എംഎസ്) 106/2000/തൊഴിൽ നമ്പർ വിജ്ഞാപനമനുസരിച്ച് ഫാർമസ്യൂട്ടിക്കൽ കമ്പനികളിലെ തൊഴിലിനെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വിസ തട്ടിപ്പ്

81 [3089] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽ ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ടൂർസ് ആന്റ് ട്രാവൽസ് കമ്പനികൾ വ്യാജവിസ കാട്ടി തൊഴിൽരഹിതരെ കബളിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) കൊല്ലത്തെ എസ്.എൻ. ഇന്റർനാഷണൽ ടൂർസ് ആന്റ് ട്രാവൽസ് വ്യാജവിസ കാട്ടി 980 പേരിൽ നിന്ന് വൻതുകകൾ കൈപ്പറ്റി കബളിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കി ഈ കമ്മിറ്റി സർക്കാരിലേയ്ക്ക് ശുപാർശകൾ നടത്തുന്നുണ്ട്. ഇതുകൂടാതെ ഡി.ഐ.ജി. ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ), പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ്സ്, തിരുവനന്തപുരം തുടങ്ങി എട്ടുപേരടങ്ങുന്ന ഒരു കോർ ഗ്രൂപ്പ് വിസ തട്ടിപ്പിനെതിരെ ബോധവൽക്കരണം നടത്താൻ വേണ്ട മീഡിയ പ്ലാൻ തയ്യാറാക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. ഈ മീഡിയ പ്ലാൻ അനുസരിച്ച് പ്രചരണം സംഘടിപ്പിക്കുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പ്, ആകാശവാണി, ഏഷ്യാനെറ്റ് തുടങ്ങിയവയുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു പബ്ലിസിറ്റി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 1983-ലെ എമിഗ്രേഷൻ ചട്ടത്തിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിന് ജസ്റ്റിസ് സുകുമാരൻ ചെയർമാനായും നോർക്ക സെക്രട്ടറി കൺവീനറായും മുൻ അംബാസിഡർമാരും നിയമജ്ഞരും അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെയും നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly